"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുഭരണ വകുപ്പ് - ജീവനക്കാര്യം - ശ്രീമതി.സിനി.സി - സെലക്ഷൻ ഗ്രേഡ് സി.എ - ആർജ്ജിതാവധി സറണ്ടർ – ബഹു.മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ സംഭാവന ചെയ്യുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

പൊതുഭരണ (സർവ്വീസസ്-ഇ) വകുപ്പ്

സ.ഉ.(സാധാ) നം.2347/2025/GAD തീയതി,തിരുവനന്തപുരം, 29-05-2025

പരാമർശം:- 1. സ.ഉ (അച്ചടി) നം.70/2024/ധന,തീയതി 16.08.2024

2. സ.ഉ (അച്ചടി) നം.83/2024/ധന,തീയതി 24.09.2024

3. സർക്കുലർ നം.40/2025/ധന, തീയതി.28.04.2025

4. ശ്രീമതി.സിനി.സി-യുടെ 27.05.2025 തീയതിയിലെ സമർപ്പണം

**ഉത്തരവ്**

വയനാട് ഉരുൾ പൊട്ടൽ ദുരന്തവുമായി ബന്ധപ്പെട്ട് പരാമർശം (1), (2) ഉത്തരവുകൾ പ്രകാരം ജീവനക്കാർക്ക് ശമ്പളം, പിഎഫ്, ആർജിത അവധി സറണ്ടർ തുടങ്ങിയവയിലൂടെ ബഹു.മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് സംഭാവന നൽകുവാൻ അനുമതി നൽകിയിരുന്നു. ജീവനക്കാർ പിഎഫ്, ആർജിത അവധി സറണ്ടർ തുടങ്ങിയവ വഴി തുക സംഭാവന ചെയ്യുന്നതിന് സന്നദ്ധത രേഖാമൂലം അറിയിച്ചിരുന്നെങ്കിലും, യഥാസമയം അപേക്ഷ സമർപ്പിക്കാതിരുന്നത് ക്ലെയിം പ്രോസസ് ചെയ്യുന്നതിന് തടസ്സമായ സാഹചര്യത്തിൽ മേൽപരാമർശം (3) സർക്കുലർ പ്രകാരം, ഈ സാമ്പത്തിക വർഷത്തിൽ, 2024-25 സാമ്പത്തിക വർഷത്തിലെ അത്തരം സറണ്ടർ ക്ലെയിമുകൾ CMDRF ൽ സംഭാവന നൽകുന്നതിന് മാത്രമായി അംഗീകരിക്കുന്നതിനുള്ള ഒരു പ്രത്യേക ഇളവ് അനുവദിച്ചിട്ടുണ്ട്.

2. വയനാട് ദുരന്തവുമായി ബന്ധപ്പെട്ട് സംഭാവനയായി അഞ്ച് ദിവസത്തെ ശമ്പളത്തിന് സമാനമായ തുക ആർജ്ജിതാവധി സറണ്ടർ വഴി CMDRF - ലേയ്ക്ക് സംഭാവന ചെയ്യുന്നതിന് സന്നദ്ധത അറിയിച്ചിരുന്നെങ്കിലും, സറണ്ടർ അപേക്ഷ സമയബന്ധിതമായി സമർപ്പിക്കുവാൻ സാധിച്ചിരുന്നില്ലെന്നും, ആയതിനാൽ ടി തുക 2024 - 25 വർഷത്തെ ആർജ്ജിതാവധിയായി സറണ്ടർ ചെയ്യുന്നതിന് അനുമതി നൽകണമെന്നാവശ്യപ്പെട്ട് പൊതുഭരണ വകുപ്പിലെ സെലക്ഷൻ ഗ്രേഡ് കോൺഫിഡൻഷ്യൽ അസിസ്റ്റന്റായ ശ്രീമതി.സിനി.സി - പരാമർശം (4) പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പൊതുഭരണ വകുപ്പിലെ സെലക്ഷൻ ഗ്രേഡ് കോൺഫിഡൻഷ്യൽ അസിസ്റ്റന്റായ ശ്രീമതി.സിനി.സി (പെൻ.637178) ലഭ്യമാക്കിയ സന്നദ്ധത പരിഗണിച്ച്, CMDRF - ലേയ്ക്ക് സംഭാവനയായി

അഞ്ച് ദിവസത്തെ ശമ്പളത്തിന് സമാനമായ തുക, 2024 - 25 വർഷത്തെ ആർജ്ജിതാവധി സറണ്ടർ ചെയ്യുന്നതിന് പ്രത്യേക അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ദിലീപ്.സി.ഡി
അഡിഷണൽ സെക്രട്ടറി

ശ്രീമതി.സിനി.സി, സെലക്ഷൻ ഗ്രേഡ് കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്,
പൊതുഭരണ വകുപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം (ലീവ് അപേക്ഷ/സന്നദ്ധത സമ്മത പത്രം സഹിതം)
പൊതുഭരണ (അക്കൗണ്ട്സ് ജെ) വകുപ്പ്
സബ് ട്രഷറി ഓഫീസർ, സെക്രട്ടേറിയേറ്റ് സബ് ട്രഷറി, തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Renjith M S
Date: 30-05-2025 10:47:18
സെക്ഷൻ ഓഫീസർ